LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ

36 (1072) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം ക്ലാസുകളുടെ ഇനംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽ എത്ര വീതം കുട്ടികൾ ഉണ്ട് ?

ഉത്തരം

(എ&ബി) കായംകുളം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കാസർഗോഡ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം

37 (1073) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മറ്റ് ജില്ലകളിൽ ഉള്ളതു പോലെ കാസർഗോഡും ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവുമാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പരിഗണിയ്ക്കാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്